# ഇടം

'എനിക്ക് എവിടെ തുടങ്ങണമെന്ന് അറിയില്ലടോ...' മിക്കപ്പോഴും അയാളുടെ കത്തുകളുടെ തുടക്കം ഇങ്ങനെയായിരുന്നു. നുണയൻ! എപ്പോഴും എന്തെങ്കിലും പറയാനുണ്ടാവും... എന്നിട്ടാണ് നിഷ്കളങ്കമായ ഈ ആമുഖം! ക്യാമ്പസ് വിട്ട് പുറത്തേക്കുപോകുമ്പോൾ ലൈബ്രറിക്കു മുന്നിലെ എഴുത്തുപെട്ടിയിൽനിന്ന് അവൾ എഴുത്തുകൾ എടുത്തുകൊണ്ട് പോവാറുണ്ടായിരുന്നു. അതിലെ രചനകളെയും സാഹിത്യസൃഷ്ടികളെയും അവൾ ആവോളം പ്രശംസിച്ചിരുന്നു. അങ്ങനെയിരിക്കെയാണ് എഴുത്തുകളിൽനിന്ന് ഒരു കത്ത് കിട്ടുന്നത്. ചില വിരുതന്മാരായ വിദ്യാർഥികളുടെ അവരുടെ അമർഷവും നിരാശയും ഇങ്ങനെ എഴുതിത്തള്ളാറുണ്ട്. ഊരും പേരുമില്ലാത്ത ഈ കത്തും അത്തരമെന്തെങ്കിലുമാണെന്ന് കരുതി അവൾ അത് വായിക്കാൻ തുടങ്ങി. 'എനിക്ക് എവിടെ തുടങ്ങണമെന്ന് അറിയില്ലടോ'. ഇതായിരുന്നു ആദ്യവാചകം. അങ്ങനെ തുടങ്ങിയ ആ ലേഖനത്തിൽ, അവൾ ഒരു വരിയിൽനിന്ന് അടുത്തവരിയിലേക്ക് തിടുക്കത്തോടെ പാഞ്ഞു. അവസാന പേജെത്തിയപ്പോൾ ഇതൊരിക്കലും തീരരുതേ എന്നവൾ ആഗ്രഹിച്ചിട്ടുണ്ടാവണം. അത്രമേൽ മനോഹരമായ കത്ത്,

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

അല്ല. പ്രേമലേഖനം! പിന്നീടുള്ള ദിവസങ്ങൾ കത്തിന്റെ
നാഥനുവേണ്ടിയുള്ള തെരച്ചിലായിരുന്നു. തലവേ-
ദനയാണെന്നു പറഞ്ഞ് ക്ലാസെടുക്കാത്ത അവൾ
എഴുത്തുപെട്ടിക്ക് കാവലിരുന്നു. ദിവസങ്ങളേറെ
കൊഴിഞ്ഞുപോയെങ്കിലും ഫലമുണ്ടായില്ല. അങ്ങനെ-
യെങ്കിൽ ഈ കത്തിന്റെ നാഥൻ അജ്ഞാതനായി
ത്തുടരട്ടെയെന്ന് അവൾ തീരുമാനിച്ചു. കോളേജിൽ
നിന്ന് വീടുവരെയുള്ള യാത്രമുഴുവൻ കത്തിനെ-
ക്കുറിച്ചുള്ള ചിന്തകളായിരുന്നു. ആരുമില്ലാത്ത,
ശൂന്യമായ നാലു ചുവരുകൾക്കുള്ളിലേക്കാണ്
കയറിച്ചെല്ലുന്നതെങ്കിലും മുട്ടിയിട്ടേ അവൾ കതക്
തുറക്കാറുണ്ടായിരുന്നുള്ളൂ. തനിച്ചു താമസിക്കുന്ന
കാലംമുതൽ ഇങ്ങനെയാണ്. താൻ മാത്രമുള്ള
തന്റെ വീട്, തന്റെയിടം.. പടിക്കുപുറത്തും ക്യാമ്പസി-
നുമുള്ളിലായി അണിയുന്ന വേഷങ്ങൾക്കില്ലാത്ത
എന്തോ ഒന്ന് അവൾ വീടിനുള്ളിൽ ഉപേക്ഷിച്ചിരു-
ന്നു.

കയറിച്ചെല്ലുമ്പോൾ ഒരു കാപ്പി, അതിനു കൂട്ട്
ഇപ്പോൾ ഈ കത്തുകളാണ്. ഒഴിച്ചുകൂടാനാകാത്ത
ഏതോ ലഹരിയായി ഈ അക്ഷരങ്ങൾ മാറിയിരിക്കു-
ന്നു. എഴുത്തിന്റെ ഉടമയെ കണ്ടുപിടിക്കണ്ടേ എന്നു

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★ തൃശ്ശൂർ
തിയ്യതി...................

തീരുമാനിച്ചതാണ്. എങ്കിലും ഇന്നു വൈകിട്ടു വായിച്ച വരികളിൽ 'നിങ്ങളെപ്പോഴെങ്കിലും ഇലകളും പൂക്കളും സംസാരിക്കുന്നതു കേട്ടിട്ടുണ്ടോ?' എന്ന ചോദ്യം അവളിലെ കൗതുകത്തെ വീണ്ടുമുണർത്തി. ഈ ചോദ്യം മുൻപ് എപ്പോഴോ ഞാൻതന്നെ ~~[illegible]~~ ചോദിച്ചതാണ്.. എവിടെ വച്ചായിരുന്നു? പള്ളിസെമിത്തേരിയിൽ? നിറം മായാത്ത കല്ലറയ്ക്കുമുൻപിൽ ~~എല്ലാ ആഴ്ചയും~~ താനൊരു നിത്യസന്ദർശകയായിരുന്നു. അവിടെ വന്നിരിക്കുമ്പോൾ കൂടെചേർന്നിരിക്കുന്ന, ആൾക്കൂട്ടത്തിലും വഴിതെറ്റിപ്പോകാതെ കൈയിൽ പിടിച്ചിരിക്കുന്ന ഒരു കരുതൽ അവൾക്കു കിട്ടിയിരുന്നു. ആ കല്ലറയിൽ കിടന്നു തെളിചിരികൊള്ളുന്ന മഹാൻ പണ്ട് ~~ക~~ ക്യാമ്പസ് പ്രണയകാലത്ത് തന്നോട് ചോദിച്ചതായിരുന്നു ഈ ചോദ്യം. പിന്നീട് തരംകിട്ടുമ്പോഴൊക്കെ അവളും ആ കല്ലറയോടു ചോദിക്കാറുണ്ടായിരുന്നു. അതെങ്ങനെ ഇവിടെ വന്നു?' ഇനി, പ്രേതമെന്തെങ്കിലുമാണോ?

ഇങ്ങനെയൊക്കെ കടന്നുചിന്തിച്ചാൽ വട്ടായിപ്പോകുമെന്ന് തോന്നിയിട്ടാവണം, ബാൽക്കണിയിലേക്കുള്ള വാതിൽ തുറന്ന് അവൾ വെളിയിലേക്കിറങ്ങി.

എന്നിട്ട് സ്വയം ചോദിച്ചു. 'നിങ്ങളെപ്പോഴെങ്കിലും ഇലകളും പൂക്കളും സംസാരിക്കുന്നതു കേട്ടിട്ടുണ്ടോ'? പതുക്കെ കണ്ണടച്ച് അവളിലേക്കുതന്നെ ഇരുന്നു.

'ശ്..ശ്... നോക്ക് നോക്ക്, അവര് കണ്ണടച്ചു..' ഇലക്കൂട്ട ശബ്ദം. 'ഇനി മരിച്ചുപോയിട്ടുണ്ടാകുമോ?' മുല്ലവള്ളി ചെമ്പകത്തോട് ചോദിക്കുന്നതുകേട്ടപ്പോൾ അവൾക്ക് ചിരിയാണ് വന്നത്. 'ഏയ്.. അങ്ങനെയാകില്ല, ഉറങ്ങിയതാകും'..

'ഇവരെങ്ങാനും മരിച്ചുപോയാൽ.. പിന്നെയാര് വെള്ളമൊഴിക്കും...'

'അല്ലെങ്കിലേ എന്റെ ഒരു ഇല ഉണങ്ങിനിക്കുവാ..'

'അങ്ങനെയാണോ?'..

അവർക്കിടയിൽ പിന്നീട് പരിഭവത്തിന്റെയും കുട്ടിച്ചിരിയുടെയും മന്ത്രണം മുഴങ്ങിയിരുന്നു.

'ഇവരിനി ചത്തുപോയിട്ടുണ്ടാകുമോ' വേവലാതിപ്പെട്ട് നെല്ലിമരം അഞ്ചാറ് നെല്ലി പൊഴിച്ചിട്ടു.

'ഹോ!'. പെട്ടന്നവൾ ചാടി എണീറ്റു. തന്നെ വിട്ടുപോയ എന്തോ ഒന്ന് ആ കാറ്റിലൂടെ തിരിച്ചുവന്നിരിക്കുന്നു. കാലയവനികയിൽ മായ്ച്ചുകളഞ്ഞ ചാന്തും സിന്ദൂരവുമിട്ടാണ് അവൾ പിന്നേന്ന് കോളേജിലെത്തിയത്. മാത്രമല്ല അവസാന വർഷ വിദ്യാർത്ഥികളുടെ ആഘോഷം

കൂടിയായിരുന്നു. പതിവിലും സന്തോഷവതിയായാണ്
അവരെ എല്ലാവരും കണ്ടത്. കൂട്ടത്തിലൊരാളിന്റെ
മുഖം മാത്രം മങ്ങിയിരുന്നു. കുറ്റബോധംകൊണ്ട്
ചിന്നത്തുപോയ മനസ്സ് പ്രതിഫലിക്കുന്നുണ്ടായിരുന്നു.
കൈകൾ വിറച്ചു, ~~പശ്ചാത്താപംകൊണ്ട്~~ മാപ്പുചോദി-
ക്കാൻപോലും അർഹതയില്ല. എന്താണു ചെയ്യേണ്ടത്?
ഇന്ന് തന്റെ അവസാന എഴുത്താണ്, നേരിൽകണ്ട്
കാലിൽ വീഴാനുള്ള ധൈര്യമില്ല.. ഇന്നുകൂടി, ഇന്നു-
കൂടി മാത്രം ഞാൻ കത്തയക്കാം... എപ്പോഴും എന്തെങ്കി-
ലും പറയാനുണ്ടായിരുന്നു.. എന്നിട്ടും 'എവിടെ
തുടങ്ങണമെന്ന് അറിയില്ല' എന്ന നുണ..

ഇന്ന് എനിക്ക് ശരിക്കും അറിയില്ല എങ്ങനെ തുടങ്ങ-
ണമെന്ന്. അങ്ങനെ തന്നെ എഴുതാം. എന്റെ വിഷമം
അണപൊട്ടിയൊഴുകുന്നത് അവൾക്കു മനസിലാകും...
എന്താണ് പറയേണ്ടത്..? വെറുമൊരു വിദ്യാർത്ഥി-
യായ ഞാൻ നേരംപോക്കിന് എഴുതിയതെന്നോ?
നിറമില്ലാത്ത അവളുടെ ദിവസങ്ങളെ സന്തോഷി-
ഷിക്കാൻ തോന്നിയ സഹതാപമെന്നോ? കണ്ണുകൾ
മങ്ങുന്നുണ്ടോ? കണ്ണിൽനിന്നു ചുണ്ടിലേക്ക്
ഒരു ഉപ്പുകടൽ ഒലിച്ചിറങ്ങി.. അതിലൊരു തോണി-
യിൽ അവൾ നിലയില്ലാച്ചുഴിയിലേക്ക് യാത്രചെയ്യുന്നു-

കേരള സ്കൂൾ കലോത്സവം തിയ്യതി................... പ്രോഗ്രാം കമ്മിറ്റി

ണ്ടായിരുന്നു.

ആ ഘോഷങ്ങൾക്കിടയിൽ മുഴുകിയിരുന്നെങ്കിലും അവൾ കത്തിനെക്കുറിച്ച് ചിന്തിച്ചിരുന്നു. ആ എഴുത്തുപെട്ടിയിൽനിന്ന് അന്നത്തെ കത്തെടുത്തു. അക്ഷമകൊണ്ട് അവിടെ തന്നെയിരുന്നു വായിച്ചു. അവസാനം വരെ..

ദൈവമേ! ലോകം അവസാനിച്ചുപോയിരുന്നുവെങ്കിൽ.! അതിൽനിന്നും ഒന്നും പ്രതീക്ഷിക്കരുതെന്ന് അറിയാമായിരുന്നു. എന്നിട്ടും എന്തിനാണിങ്ങനെ ചിന്തിച്ചുകൂട്ടിയത്..? കണ്ണിൽ ഇരുട്ടു പരക്കുന്നു, കൈകാലുകൾ കുഴയുന്നുണ്ടോ? അലമാരയിലും മേശയിലും കൈ തപ്പിപ്പിടിച്ചാണ് എഴുന്നേറ്റത്.. വെളിയിലേക്കിറങ്ങി.. ~~ക്ഷേ~~ അവിടുത്തെ കൊച്ചുപൂന്തോട്ടത്തിലെ മന്ദാരം എന്തൊക്കെയോ പറയുന്നുണ്ട്., അവ്യക്തമായ ശബ്ദങ്ങൾ.. ഇലപൊഴിഞ്ഞുവീണ് നഗ്നമായ ആ മരം എന്തായിരുന്നു പുലമ്പിയത്? എവിടെനിന്നോ പറന്നുവന്ന കിളി, തന്റെ ആദ്യ ആകാശപ്പറക്കലിൽത്തന്നെ വേടന്റെ അമ്പേറ്റ് വീണ കുഞ്ഞിനെക്കുറിച്ചായിരിക്കുമോ പാടുന്നത്? അവൾ വേച്ചുവേച്ച് തെരുവിലേക്കിറങ്ങി.

കേരള സ്കൂൾ കലോത്സവം
തിരുത്തി
64-ാമത് ★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 950 Participant Code: 098

ഒരു സ്ത്രീ വിഴുപ്പിൽ കിടന്നുറങ്ങുന്നു. 'ഹയ്യോ! ഇവരും ഒരു നാൾ തന്റെ അമ്മയുടെ കുഞ്ഞായിരുന്നുകാണും'. എന്നിട്ടും ആരുമില്ലാതെ.. ഇവിടെ... ലോകം മുഴുവൻ നുണയാണെന്ന് അവൾക്കുതോന്നി. നുണയൻ! എന്തിനായിരുന്നു ഇതെല്ലാം... കറങ്ങിത്തിരിഞ്ഞ് എങ്ങനെയോ വീട്ടിലെത്തി. കതകിൽ മുട്ടി, കതക് തുറന്നു. ~~ചായയിടാൻ~~ വയ്യ..'എനിക്ക് പൂക്കൾ സംസാരിക്കുന്നത് കേൾക്കണം'. അവൾ പറഞ്ഞു. ബാൽക്കണിയിലേക്കുചെന്ന് കണ്ണടച്ച് തന്നിലേക്കുതന്നെ- നോക്കിയിരുന്നു.

'ശ്..ശ്... നോക്ക്, അവൾ പിന്നെയും'. ചെമ്പകം പറയുന്നു.

'മരിച്ചിട്ടുണ്ടാകുമോ?' അവൾക്ക് ചിരിവന്നില്ല.

'നീയൊന്ന് വിളിച്ചുനോക്ക്' മുല്ലവള്ളി പറയുന്നു. പൊഴിച്ചുപൊഴിച്ച് ~~[illegible]~~ നെല്ലികൾ തീർന്നുകൊണ്ടിരുന്നു.. നെല്ലിയും മന്ദാരവും ആഞ്ഞുവീശി, കാറുനിറഞ്ഞു, മഴയായി കരഞ്ഞു..

അവൾ എഴുന്നേറ്റില്ല.

~~[illegible]~~ വേടന്റെ അമ്പേറ്റു മരിച്ച കുഞ്ഞിനെയോർത്ത് ആ അമ്മക്കിളി, ഇലകൾ പൊഴിഞ്ഞ് നഗ്നമായ മരത്തിലിരുന്ന് പാടിക്കൊണ്ടേയിരുന്നു.